ക്ലീൻ കേരള മിഷൻ

38 [2383] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതായി എന്ന് ആണെന്നും പ്രവർത്തനം ആരംഭിച്ചശേഷമുള്ള ഓരോ വർഷവും എത്ര തുക എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) മിഷൻ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ എന്തൊക്കെ പോരായ്മകൾ കണ്ടെത്തിയെന്നും അവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദീകരിക്കുമോ;

(ഡി) മിഷന്റെ മുൻകൈയോടെ മാലിന്യ സംസ്കരണത്തിന് തയ്യാറാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അവ നടപ്പിലാക്കി തുടങ്ങിയെങ്കിൽ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്നും വിശദമാക്കുമോ;

(ഇ) മിഷന്റെ പ്രവർത്തനങ്ങൾ തുടർന്ന് എത്രനാൾകൂടി നടത്തേണ്ടി വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ക്ലീൻ കേരള പ്രോജക്ട് 2003 ഫെബ്രുവരിയിൽ ആരംഭിച്ചു. ക്ലീൻ കേരള പദ്ധതി സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനായി കുടുംബശ്രീ മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ മിഷൻ ചീഫ് ആയി ക്ലീൻ കേരള മിഷൻ 2004 ജനുവരിയിൽ രൂപീകരിച്ചു.

2003-2004 സാമ്പത്തിക വർഷത്തിൽ ഓഫീസ് രൂപീകരണത്തിനും ഓഫീസ് വാടക, ഓഫീസ് ഉപകരണങ്ങൾ, വാഹനം എന്നിവ വാങ്ങുന്നതിനും, ജീവനക്കാരുടെ ശമ്പളം, യാത്രാ ബത്ത, പെട്രോൾ, മുനിസിപ്പാലിറ്റികൾക്ക് പരിശീലനം നൽകിയതിനുള്ള ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയ ഇനത്തിൽ 18,42,505 രൂപ ചെലവായി.

2004-2005 സാമ്പത്തിക വർഷത്തിൽ ഓഫീസ് കോർപ്പറേഷൻ ഓഫീസ് സമുച്ചയത്തിലേക്ക് മാറ്റുന്നതിനും പുനഃക്രമീകരിക്കുന്നതിനും, ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, പെട്രോൾ, ടെലിഫോൺ ചാർജ്ജ്, വെബ്സൈറ്റ് രൂപീകരണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, മുനിസിപ്പാലിറ്റികൾക്ക് പരിശീലനം നൽകിയതിനുള്ള ചെലവ് തുടങ്ങിയ ഇനങ്ങളിൽ 1-3-2005 വരെ 11,70,877 രൂപ ചെലവായി.

GPM. 2/612/2012—12

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദമാക്കാം.

1. പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ രാത്രികാല നഗര ശുചീകരണ പരിപാടി വ്യവസ്ഥാപിതമായി തുടർന്നുവരുന്നു.

2. പൈറോകളും, പ്രധാനപ്പെട്ട മറ്റു റോഡുകളും കുടുംബശ്രീയുടെ യൂണിറ്റുകൾ മുഖാന്തിരം തൂത്ത് വൃത്തിയാക്കുന്നതിന് ടി റോഡുകൾ കടന്നുപോകുന്ന സ്ഥലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. കനം കുറഞ്ഞ പ്ലാസ്റ്റിക് സഞ്ചികളുടെയും മറ്റും നിരോധനം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ തുടങ്ങിവച്ചു. ഇത് കൂടുതൽ ശക്തമാക്കുന്നതിനും പകരം വസ്തുക്കൾ പ്രചരിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

4. ചെന്നാലിന്യ പരിപാലന സംവിധാനത്തിന്റെ ഭാഗമായി 53 മുനിസിപ്പാലിറ്റി കളിലും സംയോജിത ചെന്നാലിന്യ പരിപാലനത്തിലെ പദ്ധതി തയ്യാറാ ക്കുന്നതിനുവേണ്ട പരിശീലനം ലഭ്യമാക്കുകയും അതനുസരിച്ച് 31 മുനിസിപ്പാലിറ്റികൾ സമഗ്ര പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി മുനിസിപ്പാലിറ്റികളും പദ്ധതി തയ്യാറാക്കി വരുന്നു.

5. മുനിസിപ്പാലിറ്റികളുടെ ചെന്നാലിന്യ പരിപാലന പദ്ധതികൾക്ക് സർക്കാർ അംഗീകാരത്തിന് വിധേയമായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ മിഷൻ സ്വീകരിച്ചുവരുന്നു.

6. കൊല്ലം കോർപ്പറേഷൻ, പാലക്കാട് മുനിസിപ്പാലിറ്റി (ആർ.എസ്സ്.വി.വൈ. പദ്ധതി) കോട്ടയം മുനിസിപ്പാലിറ്റി (കോട്ടയം-കുമരകം ഇക്കോ സിറ്റി) എന്നീ സ്ഥലങ്ങളിൽ ചെന്നാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതികസഹായം നൽകിവരുന്നു.

7. ഇതു കൂടാതെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സംയോജിത ചെന്നാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകി വരുന്നു.

8. അതുപോലെ തന്നെ കേരളത്തെ ഒരു മാലിന്യരഹിത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള ഒരു പദ്ധതി നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ക്ലീൻ കേരളമിഷനുവേണ്ടി 11 അംഗ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി കൺവീനറായും, 14 അംഗ സെക്രട്ടറിതല ഉന്നതാധികാര സമിതിയുമുണ്ട്. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഒരു 8 അംഗ മിഷനും, സാങ്കേതിക കാര്യങ്ങൾ പരിഗണിക്കുന്നതിന് 8 അംഗ കർമ്മ സമിതിയും പ്രവർത്തിക്കുന്നു. ഉന്നതാധികാര സമിതി കാലാകാലങ്ങളിൽ യോഗം ചേർന്ന് മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ഉന്നതാധികാര സമിതിയുടെ നിർദ്ദേശങ്ങൾ മിഷൻ നടപ്പിലാക്കാറുണ്ട്. മിഷന്റെ പ്രവർത്തനങ്ങളിൽ പോരായ്മകളൊന്നും ഇതുവരെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

(ഡി) മിഷന്റെ സാങ്കേതിക സഹായത്തോടെ ഇതുവരെ 31 മുനിസിപ്പാലിറ്റികൾ ചെരാലിന്യ പരിപാലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി രൂപരേഖകൾ ക്ലീൻകേരള മിഷൻ സാങ്കേതികമായി പരിശോധിക്കുകയും അതിന്റെ വിശകലന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. താഴെ പറയുന്ന 19 മുനിസിപ്പാലിറ്റികളുടെ പദ്ധതികൾക്ക് സർക്കാരിന്റെ അംഗീകാരം നൽകിയിട്ടുണ്ട്.

1. മലപ്പുറം, 2. മട്ടന്നൂർ, 3. കണ്ണൂർ, 4. പാങ്ങോശ്ശേരി, 5. തലശ്ശേരി, 6. ചാലക്കുടി, 7. വൈക്കം, 8. കൊയിലാണ്ടി, 9. പെരുന്തൽമണ്ണ, 10. പുനലൂർ, 11. ചേർത്തല, 12. ആറ്റിങ്ങൽ, 13. പാലക്കാട്, 14. കോതമംഗലം, 15. തളിപ്പറമ്പ്, 16. ചെങ്ങന്നൂർ, 17. മൂവാറ്റുപുഴ, 18. അടൂർ, 19. തിരൂർ.

7 മുനിസിപ്പാലിറ്റികൾ സമർപ്പിച്ച പദ്ധതികൾ മിഷൻ അംഗീകരിക്കുകയും സർക്കാരിന്റെ അംഗീകാരത്തിനായി ഉടൻ സമർപ്പിക്കുകയും ചെയ്യും. ഇവ പയ്യന്നൂർ, ഒറ്റപ്പാലം, മഞ്ചേരി, ഇരിങ്ങാലക്കുട, കൂത്തുപറമ്പ്, കായംകുളം, ചിറ്റൂർ-തത്തമംഗലം എന്നിവയാണ്.

4 മുനിസിപ്പാലിറ്റികളുടെ പദ്ധതികൾ പുനഃപരിശോധിക്കുവാനായി മുനിസിപ്പാലിറ്റികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. (പാലാ, നോർത്ത് പറവൂർ, കുന്നംകുളം, വടകര). ആലപ്പുഴ മുനിസിപ്പാലിറ്റി തയ്യാറാക്കിയ പദ്ധതി മിഷന്റെ പരിഗണനയിലാണ്.

ഇതുകൂടാതെ മംഗൽപ്പാടി, കട്ടപ്പന, തിരുവങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾക്കും സർക്കാരിന്റെ അംഗീകാരം നൽകിയിട്ടുണ്ട്.

തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഡി.പി.സി.-യുടെ അംഗീകാരത്തോടെ നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഇപ്പോൾ നടന്നുവരുന്ന ചെരാലിന്യ പരിപാലന പദ്ധതി 2007-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുവരെയായി മുനിസിപ്പാലിറ്റികളിലെ ചെരാലിന്യ നിർമ്മാർജ്ജന പദ്ധതികളാണ് പ്രധാനമായും പരിശോധിച്ചുവരുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ചെരാലിന്യ സംസ്കരണ പദ്ധതി വ്യാപിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly